കുടുംബങ്ങൾക്ക് 30 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്ക്(എൽ.ഐ.ജി.) 60 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനുമായി 6.5 ശതമാനം പലിശസബ്സിഡിയിൽ 6 ലക്ഷം രൂപ വരെ 15 വർഷം തിരിച്ചടവ് കാലാവധിയോടുകൂടി ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കുന്നു.

(2) 300 പേർ/60-70 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നചേരികളിൽ സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ നിബന്ധനകൾക്ക് അനുസൃതമായി ഭവന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

(3) സ്വകാര്യ ഭവനനിർമ്മാണ പദ്ധതികളിൽ 35 ശതമാനം ഭവനങ്ങൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യു.എസ്.) കുടുംബങ്ങൾക്ക് സർക്കാർ നിബന്ധനകൾക്കനുസൃതമായി താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക.

(സി) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 8-12-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനായി അർബൻ ഹൗസിംഗ് മിഷൻ എന്ന ഏജൻസിയെ സംസ്ഥാനതല നോഡൽ ഏജൻസിയായി നിയമിച്ചു. നോഡൽ ഏജൻസി സംസ്ഥാനതലത്തിൽ നഗരസഭാ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനായി വ്യക്തമായ സമയക്രമവും നിർദ്ദേശവും നൽകിയിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിലെ സെക്രട്ടറി/ചെയർമാൻ തുടങ്ങിയവർക്കായി ശിൽപ്പശാലകൾ സംഘടിപ്പിച്ചു. നഗരസഭാതലത്തിൽ പദ്ധതി വിഷയം അജണ്ടയാക്കിയ സ്പെഷ്യൽ കൗൺസിലുകൾ സംഘടിപ്പിച്ചു. സർവ്വേയർമാരെ തെരഞ്ഞെടുക്കൽ, പരിശീലനം, സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ

101 (3304) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺസർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതു സംബന്ധിച്ച് ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള EU3/40035/14/ LSGD ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയലിന്റെ കമ്പ്യൂട്ടർ നമ്പർ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു. പ്രസ്തുത ഫയലിന് കമ്പ്യൂട്ടർ നമ്പർ ഈ വകുപ്പിലില്ല.

നഗരപ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

102 (3305) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾമൂലം അനധികൃത നിർമ്മാണം തടയുന്ന കാര്യത്തിൽ എന്തൊക്കെ നേട്ടമുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇതു പ്രകാരം 2014-ൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്. കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതാണെന്ന് നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത്

LIBRARY ARCHIVES Kerala Legislative Assembly